**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5201** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക രംഗത്ത് ഡ്രിപ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന - പെർ ഡ്രോപ്പ് മോർ ക്രോപ്പ് (മൈക്രോ ഇറിഗേഷൻ) പദ്ധതി പ്രകാരം ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകി വരുന്നു.<br><br>ജില്ലകൾ തോറും ഈ പദ്ധതിയുടെ പ്രചാരണത്തിനായി രജിസ്ട്രേഷൻ ക്യാമ്പുകളും കൃഷി വകുപ്പിന്റെ പ്രദർശനങ്ങളോട് ചേർന്ന് പ്രദർശന സ്റ്റാളുകളും തയ്യാറാക്കി പ്രചാരണം നടത്തി വരുന്നു. ഡ്രിപ്പ് ഇറിഗേഷൻ കൂടുതൽ വ്യാപകമാക്കുവാൻ വേണ്ടി പദ്ധതിയുടെ നോട്ടീസുകളും കൈപുസ്തകങ്ങളും വിതരണത്തിനായി തയ്യാറാക്കി വരുന്നു.<br><br>കൃഷി ഭവനുകൾ മുഖാന്തരമോ കാർഷിക എഞ്ചിനീയറുടെ കാര്യാലയം മുഖാന്തരമോ കർഷകർക്ക് സബ്സിഡിയ്ക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടതിലേക്കായി കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള അനുവദനീയ തുകയുടെ 55% വരെ ചെറുകിട നാമമാത്ര കർഷകർക്കും 45% വരെ മറ്റുള്ള കർഷകർക്കും സബ്സിഡി നൽകി വരുന്നു. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ചു ഹെക്ടർ വരെയുള്ള കൃഷിക്ക് പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി സബ്സിഡി നൽകി വരുന്നു. |
| (സി) | വടകര താലൂക്കിൽ ഏതൊക്കെ ഓഫീസുകളെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സമീപിക്കേണ്ടത്; വ്യക്തമാക്കുമോ? | (സി) | വടകര താലൂക്കിൽ ഉൾപ്പെട്ട എല്ലാ കൃഷി ഭവനുകളിലും കൃഷി അസിസ്റ്റന്റ് ഡയറകടറുടെ കാര്യാലയത്തിലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് സമീപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ